# മധുരപാനീയങ്ങൾ നിയന്ത്രിച്ചുകൊണ്ട് ന്യൂയോർക്ക് സിറ്റി മാതൃകയാകുന്നു: മെഡിക്കോസ് ക്ലബ്




പൊതുജനാരോഗ്യം സംരക്ഷിക്കുവാൻ പല നിയമങ്ങളും നടപ്പാക്കിയ മേയർ മൈക്കിൾ ബ്ലൂംബർഗിന്റെ പുതിയ നടപടിയാണ് ഹൈ കലോറി ഡ്രിങ്ക്സ് (അമിത ഊർജ്ജമാത്ര അടങ്ങിയ പാനീയങ്ങൾ) നിയന്ത്രിച്ചുകൊണ്ട് ഇന്നലെ പുറത്തിറക്കിയ നിയമം. അമിത വണ്ണവും ദുർമേദസ്സും മഹാമാരിയായി പടരുന്നതിനുള്ള കാരണങ്ങളിൽ തെളിയിക്കപ്പെട്ടിട്ടുള്ള വസ്തുതകളിൽ ഒന്നാണ് അമിതമായി ഉപയോഗിക്കപ്പെടുന്ന മധുര പാനീയങ്ങൾ. ഇരുപതും (20 02), ഇരുപത്തിനാലും (24 02), മുപ്പത്തിരണ്ടും (32 02) ഔൺസുകളിൽ വിൽക്കപ്പെടുന്ന സോഡകളും മധുരപാനീയങ്ങളും ഈ നിയമം മൂലം നിരോധിക്കപ്പെടും. പതിനാറ് ഔൺസുകളിൽ (16 02) കൂടുതൽ ഉൾക്കൊള്ളുന്ന ഗ്ലാസുകളും, കാനുകളും ഇനിമുതൽ റെസ്റ്റോറന്റുകളിലും, തെരുവുകളിലും, സിനിമാശാലകളിലും വിൽക്കുവാൻ സാധിക്കില്ല.

എന്നാൽ ഈ നിയമത്തിനെതിരേ കോടതിയെ സമീപിക്കുമെന്ന് അമേരിക്കൻ സോഫ്റ്റ് ഡ്രിങ്ക്സ് ഇൻഡസ്ട്രീസ് വക്താവ് വെളിപ്പെടുത്തി. പൊതുജനങ്ങളുടെ ആഹാര സ്വാതന്ത്ര്യത്തോടുള്ള വെല്ലുവിളിയാണ് ഇതെന്ന് ഒരുപക്ഷം വാദിക്കുമ്പോൾ ഈ പാനീയങ്ങൾ ഉണ്ടാക്കുന്ന രോഗങ്ങൾ മൂലം പൊതുജനങ്ങൾക്കും, രാഷ്ട്രത്തിനും ഉണ്ടാകുന്ന നഷ്ടങ്ങൾ മറ്റൊരു വിഭാഗം ഉയർത്തിക്കാട്ടുന്നു. ഫ്രൂട്ട് ജ്യൂസുകളും, മിൽക്ക് ഷേയ്ക്കുകളും, മദ്യ പാനീയങ്ങളും ഈ നിയമത്തിൽ ഉൾപ്പെടുത്താതിനേയും മറ്റു ചിലർ വിമർശിക്കുന്നു.

പുകവലി നിരോധന നിയമം നടപ്പാക്കുന്നതിനും ആ യജ്ഞം വിജയിപ്പിക്കുന്നതിനും തന്റെ സ്വന്തം പോക്കറ്റിൽ നിന്നും 600 മില്യൻ ഡോളർ ചെലവാക്കിയ ന്യൂയോർക്ക് മേയർ മൈക്കിൾ ബ്ലൂംബർഗിന് ഈ യജ്ഞം വിജയിപ്പിക്കാൻ എത്ര ചെലവാക്കേണ്ടിവരുമെന്ന് പറയാറായിട്ടില്ല. മാർച്ച് 12, 2013 മുതൽ ഈ നിയമം നിലവിൽ വരും.